# സമർപ്പിക്കുന്നവന്റെ അനുഗ്രഹം

## യോഹന്നാൻ 6:9

**“ഇവിടെ ഒരു ബാലകൻ ഉണ്ട്; അവന്റെ പക്കൽ അഞ്ചു യവത്തപ്പവും രണ്ടു മീനും ഉണ്ട്. എങ്കിലും ഇത്രപേർക്ക് അത് എന്തുള്ളൂ എന്നു പറഞ്ഞു.”**

യേശുവിനെ അനുഗമിച്ച വലിയ ഒരു ജനക്കൂട്ടത്തിന് കൊടുക്കുവാൻ എവിടെ നിന്ന് അപ്പം വാങ്ങും എന്നു യേശു ഫിലിപ്പോസിനോട് ചോദിക്കുന്നതായി നാം അദ്ധ്യായം 6 ൽ വായിക്കുന്നു. അപ്പോൾ പത്രോസിന്റെ സഹോദരനായ അന്ത്രയോസ് മറുപടിയായി പറയുന്ന വാക്യമാണ് നാം മേൽ കണ്ടത്. ബാലന്റെ കയ്യിൽ ഉള്ള അപ്പവും മീനും തികയില്ല എന്നുള്ള ഉറച്ച ബോധ്യം ഉള്ളതു കൊണ്ടാണ് അവൻ “ഇത് ഇത്രപേർക്ക് എന്തുള്ളൂ” എന്നു പറയുന്നത്. എന്നാൽ അവിടെ യേശു അപ്പവും മീനും എടുത്തു വാഴ്ത്തി എല്ലാവർക്കും വേണ്ടുവോളം കൊടുക്കുന്നതായി കാണുന്നു. എല്ലാവരും ഭക്ഷിച്ച ശേഷം മിച്ചമുള്ളതു പന്ത്രണ്ടു കൊട്ട നിറെച്ചെടുത്തതായും നാം കാണുന്നു.

ഇന്ന് നമ്മുടെ ജീവിതത്തിലും നാം പലപ്പോഴും ചിന്തിക്കുന്നത് അന്ത്രയോസിനെ പോലെയാണ്. എന്റെ കൈയ്യിലുള്ളത് ഇത്രയൊക്കെയുള്ളൂ, ഇത് കൊണ്ട് ഞാൻ എന്തു ചെയ്യാനാണ്, ഇത് എന്തുള്ളൂ എന്ന്? എന്നാൽ ഞാൻ എനിക്കുള്ളതിനെ വിശ്വാസത്തോടെ ദൈവകരങ്ങളിൽ നൽകുമ്പോൾ ദൈവം അതിനെ വാഴ്ത്തി അനുഗ്രഹിക്കും എന്നാണ് ഒരു ദൈവപൈതൽ തന്റെ ജീവിതത്തിൽ ഉറക്കേണ്ടത്. അവിടെ വെളിപ്പെടുന്നത് ദൈവ പദ്ധതിയാണ്, ദൈവനാമമാണ് മഹത്വപ്പെടുന്നത്. എന്നാൽ ഈ ഒരു സമർപ്പണത്തിനു നാം പലപ്പോഴും തയ്യാറാവുന്നില്ല എന്നതാണ് വാസ്തവം. യേശുവിന് ശൂന്യതയിൽ നിന്ന് അപ്പവും മീനും ഉണ്ടാക്കാമായിരുന്നു, കാരണം അവൻ ഇല്ലാത്തതിനെ ഉള്ളതു പോലെ വിളിക്കുന്ന ദൈവമാണ്. എനിക്ക് ഇത്രയേ ഉള്ളല്ലോ എന്നുള്ള നിരാശ നിറഞ്ഞ ചിന്തകളല്ല മറിച്ച് എനിക്കുള്ളത് ദൈവകരങ്ങളിൽ കൊടുക്കുമ്പോൾ ദൈവം അതിന്മേൽ പ്രവർത്തിച്ച് നമ്മെ അനുഗ്രഹിക്കും എന്ന വിശ്വാസമാണ് നമുക്ക് വേണ്ടത്. എന്നാൽ അതിന് പൂർണ്ണ മനസ്സോടെ നാം തയ്യാറായി എങ്കിലേ മതിയാവൂ.

നമ്മുടെ കയ്യിലുള്ള അൽപത്തെ നോക്കി നാം നെടുവീർപ്പിടുന്നു, എന്നാൽ ദൈവത്തിന് സമർപ്പിക്കുമ്പോൾ അതിന്മേൽ ദൈവം ഇടപെടും. നാം എല്ലാത്തിനെയും ബുദ്ധികൊണ്ടാണ് അളക്കുന്നത്. എന്നാൽ നമുക്കുള്ളതിന്മേൽ സന്തോഷിക്കാൻ കഴിയുന്നു എങ്കിൽ അത് ഈ നല്ലവനായ ദൈവത്തോടു നാം കാണിക്കുന്ന വിശ്വാസത്തിന്റെ ഏറ്റവും വലിയ അടയാളമായിരിക്കും. ദൈവത്തിന് പ്രവർത്തിപ്പാൻ നമ്മിലുള്ള അൽപം മതി

എന്നാൽ നാമായിട്ട് അതിനെ വർദ്ധിപ്പിക്കാൻ ശ്രമിച്ചാൽ അത് ഒരിക്കലും സാധിക്കില്ല. പൂർണ്ണമായി, ഉള്ളതിനെ ഉള്ളതുപോലെ ദൈവകരങ്ങളിൽ സമർപ്പിക്കുമ്പോൾ അവൻ നമ്മെ അനുഗ്രഹിക്കും. ദൈവത്തിൽ ശരണപ്പെടാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

**സങ്കീർത്തനങ്ങൾ 37:5**

നിന്റെ വഴി യഹോവയെ ഭരമേൽപിക്ക, അവനിൽ തന്നെ ആശ്രയിക്ക, അവൻ അതു നിർവ്വഹിക്കും.

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 072